291417

**D 31749** **(Pages : 2)** **Name.......................................**

**Reg. No...................................**

**THIRD SEMESTER (CBCSS–UG) DEGREE EXAMINATION**
**NOVEMBER 2022**

Malayalam

MAL 3A 09—MALAYALA SAHITHYAM – 3

(2019 Admission Onwards)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "മനസ്സിൽ കൊത്തുന്ന വിഗ്രഹങ്ങളുടെ കാര്യത്തിലും അതു തന്നെ സത്യം". സൂചിതമെന്ത് ?

2 "ധനവാനോടു ചോദിച്ചു വാങ്ങുന്ന തേനിലും മധുരം ഒരു സാധു അറിഞ്ഞു കൊണ്ടു നൽകുന്ന ഒരു കുമ്പിൾ ജലത്തിനാണ് ."–സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക.

3 സി.ജെ. തോമസിനെ ആദ്യമായി കണ്ട രംഗത്തെക്കുറിച്ച് ലേഖിക വിവരിക്കുന്നതെങ്ങിനെ ?

4 "എന്നെക്കുറിച്ചുള്ള ചിന്തയാൽ ആ മനം തപിക്കട്ടെ, കെടാത്തീ പോലെ അതവിടെ എരിഞ്ഞു നിലക്കട്ടെ, കേൾക്കൂ ഇത് വ്രണിതയായ സ്ത്രീയുടെ ശാപമാണ് "–സന്ദർഭം വ്യക്തമാക്കുക.

5 തനതു നാടകവേദി രംഗത്തെ ആദ്യകാല പരിശ്രമങ്ങളെ പരിചയപ്പെടുത്തുക.

6 "അപ്പോൾ നല്ലതും വേണ്ടതും അനുഷ്ഠിക്കേണ്ടതും ചൂണ്ടിക്കാട്ടി വൈകാരിക പ്രലോഭനങ്ങളിൽ താണ ടിയാതെ കരയ്ക്കെത്തിക്കാൻ കരുത്തറ്റ ഒരു സ്ത്രീ സുഹൃത്ത് വാതിലിൽ മുട്ടുമ്പോൾ തുറക്കപ്പെടാത്ത ഹൃദയമുണ്ടോ "–സൂചിതമെന്ത് ?

7 ലൂമിയർ സഹോദരന്മാരുടെ ക്യാമറ പകർത്തിയ ആദ്യ ദൃശ്യങ്ങൾ ഏതൊക്കെയായിരുന്നു ?

8 ഈച്ചരവാര്യരുടെ മകനെ പോലീസ് അറസ്റ്റു ചെയ്യാനിടയായ സാഹചര്യം ഏത് ?

9 "പിറന്ന മണ്ണിന്റെ വിളി, തൊണ്ടയിടറിയ വിളി"–സൂചിതതമെന്ത് ?

10 ഗൗരീകുണ്ഡിനെക്കുറിച്ച് കുറിപ്പെഴുതുക.

11 കലാസൃഷ്ടിയിലുൾപ്പെടുന്ന ഘട്ടങ്ങളെ അടൂർ എത്രയായി തിരിക്കുന്നു ? അവ ഏവ ?

12 നമ്പൂതിരിമാർ പൂർവ്വാർജ്ജിത സ്വത്തും കുലമഹിമയും നില നിർത്താൻ സജ്ജീകരിച്ച സാമൂഹ്യ സംവി ധാനങ്ങൾ ഏതൊക്കെയാണ് ?

13 "ഞാൻ അന്വേഷിച്ച് ഉടനെ വിവരമറിയിക്കാം. എന്നെക്കൊണ്ടാവുന്നത് ഞാൻ ചെയ്യാം. മാഷും ഞാനും തമ്മിലുള്ള ബന്ധം അങ്ങിനെയല്ലേ" –വക്താവാര് ? സൂചിതമെന്ത് ?

**Turn over**

291417

291417



14 "പുലിജന്മം എന്ന നാടകത്തിന്റെ ഇതിവൃത്തം എന്ത് ?

15 "ഇനി തന്തമാർ മക്കളിൽ നിന്ന് കളി പഠിക്കണം അല്ലേ പെരുന്തച്ചോ"–സൂചിതമെന്ത് ?

(25 marks)

II. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 പെരുന്തച്ചൻ എന്ന കഥാപാത്രത്തെ വിലയിരുത്തുക.

17 "ഉത്സുകതയോടെ ഒരു പുതിയ തലമുറ അടിയായ്മയേയും കുടിയായ്മയേയും തകർത്ത് മുന്നേറുന്നതായി എന്റെ ഭാവനയിൽ തെളിഞ്ഞു കണ്ടു"–വിവക്ഷിതമെന്ത് ?

18 "തങ്ങൾ തന്നെ സൃഷ്ടിച്ച ദൂഷിത വലയത്തിന്റെ ഉത്തരവാദിത്തം മറ്റൊരു ദുർബ്ബല കക്ഷിയിലേക്ക് ഒഴിച്ചു വിടാനുള്ള നിർബന്ധ ശ്രമം"–സിനിമയിലെ ഏതു പ്രവണതയെക്കുറിച്ചാണ് അടൂർ ഇപ്രകാരം വിലയിരുത്തുന്നത് ?

19 എങ്ങനെയെങ്കിലും ജീവിക്കണ്ടെ കൊച്ചേ ? നിന്റെ അപ്പന്റെ ശമ്പളം കൊണ്ടു മാത്രം കഴിയുന്നെന്നായിരിക്കും വിചാരം–വിവക്ഷിതമെന്ത് ?

20 പാമരനായ മനുഷ്യൻ ! ശൂന്യാകാശ വിദൂരതകൾ കാണാൻ അവൻ കണ്ണാടിയുണ്ടാക്കും. പക്ഷേ സ്വന്തം ഉള്ളു കാണാൻ അവൻ നോട്ടപ്പാടു പോലും കണ്ണയയ്ക്കില്ല –സന്ദർഭം, ആശയം വ്യക്തമാക്കുക.

21 കുറിപ്പെഴുതുക–ജീവചരിത്ര സാഹിത്യം.

22 കാലികമ്പിളി ബാബയുടെ പേര് ധർമ്മശാലയ്ക്ക് വരാനുണ്ടായ കാരണമെന്ത് ?

23 "സമൂഹസംവിധാനത്തിന്റെ അച്ചുതണ്ടായ പുരുഷാധിപത്യത്തിന്റെ ബലിയാടുകളാണ് അബലകൾ–ഇത്തരമൊരു തിരിച്ചറിവിലേക്ക് വി.ടി. ഭട്ടതിരിപ്പാടിനെ കൊണ്ടെത്തിച്ച സന്ദർഭം വ്യക്തമാക്കുക.

(35 marks)

III. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 10 മാർക്ക് വീതം.

24 'അടിയന്തിരാവസ്ഥക്കാലത്തെ ഹിംസകളുടെ നേർച്ചിത്രമാണ് കരുതി വെച്ച ഒരിലച്ചോറിൽ തെളിയുന്നത്' –വിശദമാക്കുക.

25 'ഒന്ന് അറിഞ്ഞാൽ എല്ലാം അറിഞ്ഞു ആ ഒന്ന് ഞാൻ എന്ന നീയാവട്ടെ, നീ നിന്നെക്കണ്ടാൽ നീ തേടുന്ന നിത്യകന്യകയെ കണ്ടു'–ഈ വരികൾ കവിയുടെ വ്യക്തി സവിശേഷതകളിലേക്കുള്ള സൂചന നൽകുന്നുണ്ടോ ? വിശദമാക്കുക.

26 അച്ഛന് മകനോടു തോന്നുന്ന തൊഴിൽ മത്സരത്തിലുപരി ഹൃദ്യമായ ഒരു സൗഹൃദത്തിന്റെ തലം കൂടി 'പെരുന്തച്ചൻ' തിരക്കഥയെ വേറിട്ടതാക്കുന്നു–സമർത്ഥിക്കുക.

27 മലയാളത്തിലെ യാത്രാവിവരണ സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.

($2 \times 10 = 20$ marks)

291417